**പതിനാലാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 2741** — **17.10.2016-ൽ മറുപടിക്ക്**

**അന്തർ സംസ്ഥാന ഭിക്ഷാടന/ മയക്കമരുന്ന മാഫിയകൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി. ദിവാകരൻ**<br>**ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ**<br>**ശ്രീ വി.ആർ. സുനിൽ കുമാർ** | **ശ്രീ. പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| (എ) സംസ്ഥാനത്ത് അന്തർ സംസ്ഥാന ഭിക്ഷാടന/ മയക്കമരുന്ന് മാഫിയ പ്രവർത്തിച്ചുവരുന്നതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; | (എ) ഇല്ല |
| (ബി) സൗമ്യ വധക്കേസിൽ, പ്രതി ഗോവിന്ദച്ചാമിക്ക് വേണ്ടി ഹാജരാകാൻ ഏല്പിച്ചത് പ്രസ്തുത ഭിക്ഷാടന/ മയക്കമരുന്ന് മാഫിയയാണെന്ന ഗോവിന്ദച്ചാമിയുടെ അഭിഭാഷകന്റെ വെളിപ്പെടുത്തൽ ഗൗരവമായി കാണുന്നുണ്ടോ;<br><br>(സി) അന്തർ സംസ്ഥാന ഭിക്ഷാടന/ മയക്കമരുന്ന മാഫിയകൾ കേരളത്തിൽ പിടിമുറുക്കുന്നത് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | (ബി) & (സി) ഇത്തരം വെളിപ്പെടുത്തലുകൾ ഗൗരവമായി കാണുന്നുണ്ട്. അന്തർ സംസ്ഥാന ഭിക്ഷാടന/ മയക്കമരുന്ന് മാഫിയകൾ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എങ്കിലും ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, പ്രധാനപ്പെട്ട ആരാധനാലയങ്ങൾ എന്നിവ കേന്ദ്രീകരിച്ച് പോലീസ് പട്രോളിംഗ് കാര്യക്ഷമമാക്കിയും വാഹന പരിശോധന കർശനമാക്കിയും അതിർത്തി ചെക്ക് പോസ്റ്റുകളിൽ ശക്തമായ നിരീക്ഷണം നടത്തിയും സ്പെഷ്യൽ ബ്രാഞ്ച് പോലീസിന്റെ സേവനം ഉപയോഗിച്ച് രഹസ്യാന്വേഷണങ്ങൾ നടത്തിയും ആവശ്യമായ മുൻകരുതലുകൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ